(ഇ) വായ്പാക്കരാർ അനുസരിച്ച് വായ്പതുക പലിശ, പിഴപലിശ, മുടക്കപലിശ, എന്നിവ ചേർത്ത് തിരിച്ചടയ്ക്കേണ്ടതുണ്ട്. ദീർഘകാല തിരിച്ചടവ് പദ്ധതിയായതിനാലും കൃത്യമായി തിരിച്ചടവ് നടത്താത്തതിനാലും ആണ് വായ്പാ തുക വലിയ സംഖ്യ വരുന്നത്.

(എഫ്) വായ്പാക്കാരന്റെ ഭാര്യ ശ്രീമതി ശ്രീദേവി ഭവനനിർമ്മാണ ബോർഡിന് നൽകിയ അപേക്ഷ പ്രകാരം തുടർ നടപടികൾക്കായി വായ്പാക്കാരന്റെ കുടുംബത്തിന്റെ വായ്പാ തിരിച്ചടവ് ശേഷിയും, മറ്റും റിപ്പോർട്ട് ചെയ്യുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് അയച്ചിട്ടുണ്ട്.

ഇടത്തരം വരുമാനക്കാരായ ഭവനവായ്പാ കുടിശ്ശികക്കാരെ സഹായിക്കാൻ സ്വീകരിച്ച നടപടി

213 (2245) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇടത്തരം വരുമാനക്കാർ എടുത്തിട്ടുള്ള ഭവനനിർമ്മാണ വായ്പയിൽ കുടിശ്ശിക വരുത്തിയവരെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവരെ സഹായിക്കുന്നതിന് 7-2-2004 മുതൽ ബോർഡിൽ പ്രാബല്യത്തിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഇടത്തരം വരുമാന വിഭാഗത്തിലുള്ള വായ്പാക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ വായ്പാ കണക്ക് അവസാനിപ്പിക്കുന്ന ഇടത്തരം വിഭാഗക്കാർക്ക് പിഴപ്പലിശ പൂർണ്ണമായും മുടക്കപ്പലിശയിൽ 70% ഉം മുതൽ ബാക്കിയിൽ 5% ഉം ഇളവ് ചെയ്യുന്നു. ഈ പദ്ധതി 30-6-2011 വരെ ദീർഘപ്പിച്ചിട്ടുണ്ട്. കൂടാതെ 22-5-2007-ലെ സർക്കാർ ഉത്തരവ് പ്രകാരം മൈത്രി, താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ മരിച്ചുപോയവരും, അശരണരും, മാരകരോഗം ബാധിച്ചവരും, വികലാംഗരും ആയവർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാർ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly